LIBRARY ARCHIVES Kerala Legislative Assembly

നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

146 (531) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ തീർപ്പാക്കാതെ കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ് എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മറ്റു വകുപ്പുകളിൽനിന്നും നിയമോപദേശം തേടി അയയ്ക്കുന്ന ഫയലുകൾ ആണോ ഇപ്രകാരം നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ നിയമ വകുപ്പിൽനിന്നുള്ള തീർപ്പ് യഥാസമയം ലഭിക്കാത്തതുമൂലം മറ്റു വകുപ്പുകളിലും കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) നിയമോപദേശം ആവശ്യപ്പെട്ടവരുന്ന ഫയലുകൾ കാലതാമസം കൂടാതെ തന്നെ അതാത് ഭരണ വകുപ്പുകൾക്ക് തിരികെ നൽകാറുണ്ട്.

(ഡി) നിയമ വകുപ്പിൽ തീർപ്പുകൽപ്പിക്കാതെ നിലവിലുള്ള ഫയലുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

എല്ലാ സെക്ഷനുകളുടെയും ഫയലുകൾ ഉൾപ്പെടെ 2021 ആഗസ്റ്റ് 31 വരെ 2446 ഫയലുകളാണ് നിയമ വകുപ്പിൽ തീർപ്പാക്കാനുള്ളത്.

(ഇ) എങ്കിൽ ഈ ഫയലുകളിൽ അടിയന്തര തീർപ്പ് ഉണ്ടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ?

ഫയലുകൾ വേഗത്തിലും അടിയന്തരമായും തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം

147 (532) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 'കേരള റബ്ബർ ലിമിറ്റഡ്' എന്ന കമ്പനി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, കയറ്റുമതിയുടെ കൂടുതൽ സാദ്ധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉൽപ്പാദിപ്പിക്കപ്പെടേണ്ട റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ.-ന് രൂപം നൽകിയിരിക്കുന്നത്.

(ബി) പ്രസ്തുത കമ്പനി എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് കോട്ടയം ജില്ലയിലെ വെള്ളൂരിൽ സർക്കാർ കമ്പനി ബോർഡിൽനിന്നും ലേലത്തിൽ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിലെ ഭൂമിയിൽനിന്ന് ആവശ്യമായ സ്ഥലം നൽകാമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കാരപ്പുറത്ത് നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ്

148 (533) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ മുത്തേടം പഞ്ചായത്ത് പരിധിയിലെ കാരപ്പുറത്തുള്ള നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ് (എൻ.ഐ.ടി.സി.ഒ.) എന്ന സഹകരണ സംഘം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ടി സംഘത്തിന് അനുമതി നൽകിയ വർഷമടക്കമുള്ള വിവരങ്ങളും രേഖകളുടെ പകർപ്പും ലഭ്യമാക്കുമോ?

നിലമ്പൂർ താലൂക്ക് പ്രിന്റിംഗ് ആൻഡ് ബുക്ക് ബൈൻഡിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ. SIND (M) 148, കാരപ്പുറം, മലപ്പുറം ജില്ല എന്ന സംഘം 6-10-2004-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘം രജിസ്ട്രേഷൻ നടന്നതിന്റെ കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ടി സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ, സെക്രട്ടറി എന്നിവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പ് ലഭ്യമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.